**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - മൂത്തുവല്ലൂർ ഗ്രാമപഞ്ചായത്ത് - 2007-08 - വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(1), 3(2), 3(4), 3(5), 3(6), 3(8) എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1579/ 13/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/06/2013**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2012-ലെ M3-28071/12 നമ്പർ കത്ത്.

2) 07/02/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റ13/23729/2012 നമ്പർ കത്ത്.

# ഉത്തരവ്

മലപ്പുറം ജില്ലയിലെ മൂത്തുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1)ൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്വകാര്യ കരാറുകാരൻ മുഖേന തെരുവു വിളക്ക് റിപ്പയറിംഗ് നടത്തി എന്ന കാരണത്താൽ 9,400/- രൂപയും ഖണ്ഡിക 3(2)-ൽ വളത്തിനു മാത്രമായി സബ്സിഡി നൽകാൻ പാടില്ല എന്ന സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായതിനാൽ 2,30,000/- രൂപയും ഖണ്ഡിക 3(4)-ൽ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ടിന്റെ ഭാഗമായി സ്പോർട്സ് ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യാൻ വ്യവസ്ഥയില്ലായെന്നിരിക്കെ ചെലവഴിച്ച 15,152/- രൂപയും ഖണ്ഡിക 3(5)-ൽ വൃദ്ധർക്ക് അന്ധതാ നിവാരണം എന്ന പ്രോജക്ടിന്റെ ഭാഗമായി കാഴ്ച കുറഞ്ഞവർക്ക് കണ്ണട വിതരണം ചെയ്തതിന് ചെലവഴിച്ച 20,000/- രൂപയും ഖണ്ഡിക 3(6)-ൽ 'തൊഴുത്ത് നിർമ്മാണം' എന്ന പദ്ധതിക്ക് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 25,650/- രൂപയും ഖണ്ഡിക 3(8)-ൽ പൊതുവിഭാഗക്കാർക്ക് വീട് റിപ്പയർ എന്ന പ്രോജക്ടിൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 3,75,000/- രൂപയും ഓഡിറ്റ് നിരാകരിച്ചിരുന്നു.

മൂത്തുവല്ലൂർ ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തിൽ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിന് കെ.എസ്.ഇ.ബി ജീവനക്കാരുടെ സേവനം യഥാസമയം ലഭ്യമാകാതിരുന്നത് കാരണം പൊതു ജനങ്ങൾക്ക് സേവനം

ലഭ്യമാക്കേണ്ടുന്ന അനിവാര്യ സാഹചര്യം ഉണ്ടായിരുന്നതിനാലാണ് ഖണ്ഡിക 3(1)-ലെ 9,400/- രൂപ ചെലവഴിച്ചതെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 08/05/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(1) -ാം നമ്പർ തീരുമാനവും സമഗ്ര നെൽകൃഷി വികസനം, തെങ്ങ് കൃഷി വികസനം എന്നിവയ്ക്കായി ജൈവവളം വിതരണം ചെയ്തത് കൃഷിയുടെ വികസനം ലക്ഷ്യമാക്കിയാണെന്നും കൃത്യ സമയത്ത് വളം വിതരണം ചെയ്തെങ്കിൽ മാത്രമേ കൃഷിക്ക് ഉപകാരപ്രദമാകുകയുള്ളൂ എന്ന് പഞ്ചായത്തിന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഖണ്ഡിക 3(2)-ലെ 2,30,000/- രൂപ ചെലവഴിച്ചതെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 08/05/2012-ലെ 4(2) -ാം നമ്പർ തീരുമാനവും ഓഡിറ്റിൽ പരാമർശിക്കുന്ന 85/04/പ്ലാനിംഗ് തീയതി 16/12/2004 നമ്പർ ഉത്തരവിൽ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാൻ പാടില്ല എന്ന തരത്തിലുള്ള തടസ്സമുള്ളതായി കാണാത്തതിനാലും ഇപ്പോഴും ഇത്തരത്തിലുള്ള പ്രോജക്ടുകൾക്ക് ജില്ലാ പ്ലാനിംഗ് സമിതി അംഗീകാരം നൽകി വരുന്നതിനാലും കലാ കായിക സാംസ്കാരിക പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പഞ്ചായത്തിന്റെ പ്രവൃത്തി അംഗീകരിക്കണമെന്നും ആയതിനാൽ ഖണ്ഡിക 3-4-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 15,152/- രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്നുമുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08/05/2012-ലെ 4(3) -ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വൃദ്ധ ജനങ്ങളെ പരിശോധിച്ച് കാഴ്ചക്കുറവുള്ളവർക്ക് കണ്ണട വിതരണം ചെയ്യുന്നതിനായുള്ള പദ്ധതിയാണ് നടപ്പിലാക്കിയതെന്നും ഓഡിറ്റിൽ പരാമർശിക്കുന്ന 24/07/2007-ലെ സഉ (എം.എസ്) 183/07/തസ്വഭവ സർക്കാർ ഉത്തരവിൽ കണ്ണട വിതരണം ചെയ്യുന്നതിന് നിയന്ത്രണമുള്ളതായി കാണാത്തതിനാലാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നും ആയതിനാൽ ഖണ്ഡിക 3-5-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 20,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നുമുള്ള 08/05/2012-ലെ 4(4)-ാം നമ്പർ തീരുമാനവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽപ്പെട്ടവർക്ക് ഗോസുരക്ഷ നടപ്പാക്കുന്നതിന്റെ ഭാഗമായി തൊഴുത്ത് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുകയാണ് ചെയ്തതെന്നും ആയതിനാൽ ഖണ്ഡിക 3(6)-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 25,650/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന 08/05/2012-ലെ 4(5) -ാം നമ്പർ തീരുമാനവും ജനറൽ വിഭാഗത്തിൽ വീട് റിപ്പയർ നടത്താൻ സബ്സിഡി മാർഗ്ഗ രേഖ അനുവദിക്കുന്നില്ലെന്നും പ്രസ്തുത വർഷത്തിൽ വീട് ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ചെലവഴിച്ച, ഖണ്ഡിക 3(8)-ൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 3,75,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നുമുള്ള 08/05/2012-വെ 4(6) -ാം നമ്പർ തീരുമാനവും പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3(1),

3(2), 3(4), 3(5), 3(6), 3(8) എന്നിവയിലെ പരാമർശങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും യഥാക്രമം 08/05/2012, 17/08/2012 എന്നീ തീയതികളിലെ തീരുമാനപ്രകാരം സർക്കാർ സാധൂകരണത്തിന് ശുപാർശ ചെയ്തിട്ടുള്ളത് പരിഗണിച്ച് മേൽ ഖണ്ഡികകളിലെ തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1)-ൽ തടസ്സപ്പെടുത്തിയ 9,400/-രൂപ (ഒമ്പതിനായിരത്തി നാനൂറ് രൂപ മാത്രം), ഖണ്ഡിക 3(2)-ൽ തടസ്സപ്പെടുത്തിയ 2,30,000/- രൂപ (രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം), ഖണ്ഡിക 3(4)-ൽ തടസ്സപ്പെടുത്തിയ 15,152/- രൂപ (പതിനഞ്ചായിരത്തി നൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം), ഖണ്ഡിക 3(5)-ൽ തടസ്സപ്പെടുത്തിയ 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം), ഖണ്ഡിക 3(6)-ൽ തടസ്സപ്പെടുത്തിയ 25,650/- രൂപ (ഇരുപത്തി അഞ്ചായിരത്തി അറുനൂറ്റി അമ്പത് രൂപ മാത്രം) ഖണ്ഡിക 3(8)-ൽ തടസ്സപ്പെടുത്തിയ 3,75,000/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) എന്നീ തുകകൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ